# യു എ ഇ-ഇന്ത്യ വ്യാപാര, നിക്ഷേപം വർധിപ്പിക്കുന്നതിനായി ബിസിനസ് ലീഡേഴ്സ് ഫോറം; തദ്ദേശീയരും അംഗങ്ങൾ




ഷാർജയിൽ ബിസിനസ് ലീഡേഴ്സ് ഫോറത്തിന് രൂപം നൽകിയപ്പോൾ

**ദുബൈ:** ദുബൈ കോൺസുലേറ്റ് ജനറൽ ഓഫ് ഇന്ത്യ, അബുദാബിയിലെ ഇന്ത്യൻ എംബസി, യു എ ഇ സാമ്പത്തിക മന്ത്രാലയം എന്നിവയുടെ നേതൃത്വത്തിൽ ബിസിനസ് ലീഡേഴ്സ് ഫോറത്തിന് (ബി എൽ എഫ്) രൂപം നൽകി. ഷാർജയിലെ ഇന്ത്യ ട്രേഡ് ആൻഡ് എക്സിബിഷൻ സെന്ററായി (ഐടെക്)രിക്കും ഔദ്യോഗിക സെക്രട്ടേറിയറ്റ്. യു എ ഇയിലെ ഇന്ത്യൻ സ്ഥാനപതി, കോൺസുൽ ജനറൽ ഓഫ് ഇന്ത്യ, യു എ ഇ സാമ്പത്തിക മന്ത്രാലയത്തിലെ ഫോറിൻ ട്രേഡ് ആൻഡ് ഇൻഡസ്ട്രി അണ്ടർ സെക്രട്ടറി എന്നിവരാണ് ബി എൽ എഫിന്റെ രക്ഷാധികാരികൾ.

ആസ്റ്റർ ഡി എം ഹെൽത്ത് കെയർ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ. ആസാദ് മൂപ്പനാണ് ബി എൽ എഫിന്റെ പ്രസിഡന്റ്. യു എ ഇയിലെ ഇന്ത്യൻ ബിസിനസ് മേഖലയിലെ പ്രമുഖ വ്യക്തിത്വങ്ങളായ ഡോ. റാം ബക്സാനി- സീനിയർ വൈസ് പ്രസിഡന്റും പരസ് ശഹദാപുരി, സുധീർ ഷെട്ടി - വൈസ് പ്രസിഡന്റുമാരുമായിരിക്കും. ഐടെക്കിന്റെ ഡയറക്ടർ ജനറൽ ശ്രീപ്രിയ കുമാരിയ ആയിരിക്കും സെക്രട്ടറി ജനറൽ. ഐടെക് ചെയർമാൻ സുധേഷ് അഗർവാൾ ബോർഡ് അംഗമായിരിക്കും. ബി എൽ എഫ് ഭാരവാഹികൾക്ക് പുറമെ യു എ ഇയിലെ ഇന്ത്യൻ സ്ഥാനപതി നവ്ദീപ് സിംഗ് സൂരി, ഇന്ത്യയുടെ കോൺസുൽ ജനറൽ അനുരാഗ് ഭൂഷൺ, യു എ ഇയിലെ സാമ്പത്തിക മന്ത്രാലയത്തിൽ ഫോറിൻ ട്രേഡ് ആൻഡ് ഇൻഡസ്ട്രി അണ്ടർ സെക്രട്ടറി അബ്ദുല്ല അൽ സാലിഹ്, യു എ ഇ ഇന്റർനാഷണൽ ഇൻവെസ്റ്റേഴ്സ് കൗൺസിൽ സെക്രട്ടറി ജനറൽ ജമാൽ സൈഫ് അൽ ജർവാൻ എന്നിവർ പങ്കെടുത്തു.

ബിസിനസ് ലീഡേഴ്സ് ഫോറം തുടങ്ങുക എന്നതിനൊപ്പം യു എ ഇയിലെ ഇന്ത്യൻ സ്ഥാനപതിക്ക് സ്വാഗതമേകാനും ബി എൽഎഫിന്റെ രൂപീകരണത്തിന് പ്രധാന പങ്കുവഹിച്ച, സ്ഥലം മാറിപ്പോകുന്ന കോൺസുൽ ജനറൽ അനുരാഗ് ഭൂഷണ് നന്ദി പറയാനുമാണ് സമ്മേളനം ചേർന്നതെന്ന് സെക്രട്ടറി ജനറൽ ശ്രീപ്രിയ കുമാരിയ ചൂണ്ടിക്കാട്ടി.

യു എ ഇയിലെ വ്യാപാര, വ്യവസായ രംഗത്തിന് നേതൃത്വം നൽകുന്ന യു എ ഇയിലെയും ഇന്ത്യയിലെയും ബിസിനസ് നേതാക്കൾക്ക് ഇടപഴകുന്നതിനും ആശയങ്ങൾ കൈമാറുന്നതിനുമുള്ള വേദിയായിരിക്കും ബി എൽ എഫെന്ന് പ്രസിഡന്റ് ഡോ. ആസാദ് മൂപ്പൻ പറഞ്ഞു.

ഇന്ത്യയും യു എ ഇയും തമ്മിലുള്ള വ്യാപാരവും നിക്ഷേപങ്ങളും വർധിപ്പിക്കുന്നതിനും ഇരു രാജ്യങ്ങളിലെയും നിക്ഷേപകർക്ക് അവരുടെ പ്രശ്നങ്ങൾ ഉന്നയിക്കുന്നതിനുമുള്ള ഏകജാലക സംവിധാനമായിരിക്കും ബി എൽ എഫ്. നൂറു കോടി ദിർഹത്തിന്റെ നിക്ഷേപ കൺസോർഷ്യം രൂപീകരിക്കുന്നതിന് ബി എൽ എഫ് നേതൃത്വം നൽകുമെന്ന് അദ്ദേഹം പറഞ്ഞു.

കുറഞ്ഞ സമയത്തിനുള്ളിൽ വ്യക്തമായ കാഴ്ചപ്പാടോടെ രൂപം നൽകിയ ബി എൽ എഫിന് ഇന്ത്യൻ സ്ഥാനപതി നവ്ദീപ് സിംഗ് സൂരിയും ഇന്ത്യയുടെ കോൺസുൽ ജനറൽ അനുരാഗ് ഭൂഷണും അംഗീകാരം നൽകി. ഇന്ത്യൻ മിഷൻ ബി എൽ എഫിന് രൂപംനൽകിയത് വ്യക്തമായ കാഴ്ചപ്പാടോടെയാണെന്നും ഫോറത്തിന് പിന്തുണ നൽകി വ്യാപാരം വർധിപ്പിക്കുന്നതിനും നിക്ഷേപങ്ങൾ കൂട്ടുന്നതിനും യു എ ഇ-ഇന്ത്യ ബന്ധം കൂടുതൽ ഊഷ്മളമാക്കുന്നതിനുമായി പ്രവർത്തിക്കുമെന്നും സ്ഥാനപതി വാർത്താസമ്മേളനത്തിൽ അറിയിച്ചു.

കൂടുതൽ സാഹോദര്യ, സാമ്പത്തിക ബന്ധവും യു എ ഇയും ഇന്ത്യയും തമ്മിലുള്ള നിക്ഷേപം വർധിപ്പിക്കുന്നതിനും ഇന്ത്യൻ മിഷനുമായി സഹകരിക്കുമെന്ന് യു എ ഇ സാമ്പത്തിക മന്ത്രാലയത്തിന്റെ ഫോറിൻ ട്രേഡ് ആൻഡ് ഇൻഡസ്ട്രി അണ്ടർ സെക്രട്ടറി അബ്ദുല്ല സാലിഹ് പറഞ്ഞു.

കൂടുതൽ നിക്ഷേപത്തിനും ഇന്ത്യയിൽ നിക്ഷേപം നടത്തുന്ന യു എ ഇയിലെ അന്താരാഷ്ട്ര നിക്ഷേപകരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുമായി ബി എൽ എഫുമായി ധാരണാപത്രം ഒപ്പിട്ടുവെന്ന് യു എ ഇ ഇന്റർനാഷണൽ ഇൻവെസ്റ്റേഴ്സ് കൗൺസിൽ സെക്രട്ടറി ജനറൽ ജമാൽ ജർവാൻ പറഞ്ഞു. യു ഐ ഐസിയുടെ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിന് ബി എൽ എഫ് നല്ലൊരു വേദിയായിരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

ബി എൽ എഫ് അംഗത്വം ഇന്ത്യയിലെയും എമിറേറ്റ്സിലെയും ബിസിനസ് നേതാക്കൾക്കും ഇന്ത്യയും യു എ ഇയുമായി സൗഹൃദത്തിലുള്ള മറ്റ് രാജ്യങ്ങളിലുള്ളവർക്കും ഇന്ത്യയുമായും യു എ ഇയുമായും ബിസിനസ് ബന്ധങ്ങൾ ആഗ്രഹിക്കുന്നവർക്കും ക്ഷണം അനുസരിച്ച് മാത്രമായിരിക്കും. ഉടൻതന്നെ എമിറേറ്റ്സിലെ അറബ് ബിസിനസ് നേതാക്കളെ ഉൾപെടുത്തി ബോർഡിന് രൂപം നൽകും.